ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# വാർഷിക ബഡ്ജറ്റ്

## 2021–22

2021 ഫെബ്രുവരി 16

## ആമുഖ പ്രസംഗം

പ്രിയമുള്ളവരെ,

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിൽ 2020 ഡിസംബറിൽ അധികാരം ഏറ്റെടുത്ത ഭരണ സമിതിയുടെ ആദ്യത്തേതും 2021–22 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ വിശദമാക്കുന്നതുമായ ബജറ്റ് അവതരണ യോഗത്തിലാണ് നാം ഇന്നിവിടെ ഒത്തുകൂടിയിരിക്കുന്നത്.

കോവിഡ് മഹാമാരി കാലഘട്ടത്തിലും നിലവിലുള്ള പദ്ധതികൾ എല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനായി ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2021–22 ലെ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം വാങ്ങിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റിൽ നവകേരള നിർമ്മിതിയുമായി ലക്ഷ്യമിട്ടിട്ടുള്ള വിവിധ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ചെറുകിട കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഏതൊരു കുടുംബത്തിന്റേയും ജീവിതാഭിലാഷമാണ് സ്വന്തമായൊരു വീട്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി ഭവന നിർമ്മാണത്തിന് ഈ ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി, പാടശേഖര സമിതികൾക്ക് സബ് മെർജ്ഡ് പമ്പ് സെറ്റ്, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ, സി.എച്ച്.സി കളിലെ ഡോക്ടർ, പാരാ മെഡിക്കൽ സ്റ്റാഫിന് വേതനം നൽകുന്നതിനുള്ള തുകയും വകയിരുത്തിയിട്ടുണ്ട്.പട്ടികജാതി ക്ഷേമ പദ്ധതികളിൽ വിദ്യാർത്ഥികൾക്ക് പഠനമുറി, വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

നവകേരള മിഷൻ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് തയ്യാറാക്കിയ ബഡ്ജറ്റ് അവതരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. മോഹനൻ വലിയാട്ടിൽ അവർകളെ ക്ഷണിക്കുന്നു.

ശ്രീമതി. ലളിത ബാലൻ
പ്രസിഡന്റ്
ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

ഇരിങ്ങാലക്കുട
16.02.2021

ബഹുമാന്യരെ,

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ വിശദമാക്കുന്ന ബജറ്റ് തികഞ്ഞ അഭിമാനത്തോടും സന്തോഷത്തോടും കൂടി നിങ്ങളുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കുന്നു.

ആസൂത്രണകമ്മീഷൻ പിരിച്ചുവിട്ട് കേന്ദ്ര സർക്കാർ നീതി ആയോഗിലൂടെ പഞ്ചവത്സര പദ്ധതികൾക്ക് നയംമാറ്റം സംഭവിച്ചപ്പോഴും പഞ്ചവത്സര പദ്ധതികൾ തുടരാനും പങ്കാളിത്ത ആസൂത്രണം ശക്തിപ്പെടുത്താനും സംസ്ഥാന ആസൂത്രണ ബോർഡ് നിലനിർത്താനുമാണ് കേരള സർക്കാർ തീരുമാനിച്ചത്. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാകെ ഊർജ്ജം നൽകിയ സുപ്രധാന തീരുമാനമായിരുന്നു കേരള സർക്കാരിന്റേത്. കൂടാതെ കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർവ്വതല സ്പർശിയും വികസന പദ്ധതിയുമായ നവകേരളം കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകി. 6 മുൻഗണനാ മേഖലകളെ കോർത്തിണക്കി ലൈഫ് , ആർദ്രം, ഹരിത കേരള മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിങ്ങനെ 4 വികസന മിഷനുകളിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രവർത്തിച്ചു വരുന്നു. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് താഴെ തട്ടിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിനും വികസന മിഷനുകളെ ചലിപ്പിക്കുന്നതിനുമാണ് വരുന്ന സാമ്പത്തിക വർഷത്തെ ധനവിനിയോഗത്തിൽ പ്രാധാന്യം നൽകുന്നത്.

. ബ്ലോക്ക് പഞ്ചായത്തിൽ മെച്ചപ്പെട്ട ജന സേവനം ഉറപ്പുവരുത്തിയതിന് കില മുഖാന്തിരം സംസ്ഥാനത്ത് ആദ്യത്തെ ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് എന്ന ബഹുമതി കരസ്ഥമാക്കിയിട്ടുള്ളതും തുടർന്നും മികച്ച പ്രവർത്തനം കാഴ്ച്ചവെച്ചതിന് ഈ സാമ്പത്തിക വർഷത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നിലനിർത്തിയിട്ടുള്ളതുമാണ്..

ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള നാല് ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഈ ബഡ്ജറ്റിൽ മുഖ്യ പരിഗണന നൽകിയിട്ടുണ്ട്.

കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്ന വിവിധ പദ്ധതികൾ മുന്നോട്ട് വെയ്ക്കുവാനും ബഡ്ജറ്റിൽ ശ്രമിച്ചിട്ടുണ്ട്.

ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയും, പുതുതലമുറയിലെ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയും ഈ ബജറ്റ് മുന്നോട്ട് വെയ്ക്കുന്നു.

വീടില്ലാത്തവർക്ക് വീടും, ഭൂമിയില്ലാത്തവർക്ക് ഭൂമിയും, വീടും നൽകുക എന്ന സർക്കാർ പദ്ധതിയായ ലൈഫ് മിഷൻ പരിപാടിയുടെ പൂർത്തികരണത്തിൽ ഭാഗഭാക്കാവാനും ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലും ലൈഫ്പദ്ധതിക്ക് വേണ്ടി കൂടുതൽ തുക വകയിരുത്തുന്ന തിന് ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുണ്ട്.

വനിതകൾ , ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും വേണ്ട തുക വകയിരുത്തുന്നതിനും ബഡ്ജറ്റ് മുൻഗണന നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2021-22 വാർഷിക പദ്ധതിയിൽ പ്രത്യേക പരി ഗണന നൽകേണ്ട 12 ഇന പരിപാടികളിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ സാധി ക്കുന്ന പദ്ധതികൾക്ക് തുക വകയിരുത്താൻ ഈ ബഡ്ജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്.

## ഉല്പ്പാദന മേഖല

കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കാർഷികോത്പാദന വളർച്ച കൈവരിക്കുന്നതിനുമായി മുഖ്യ പരിഗണന നൽകികൊണ്ടാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ഭക്ഷ്യോൽപ്പാദന വർദ്ധനവിനും സുരക്ഷിത ഭക്ഷണം ഉൽപ്പാദനത്തിനുമായി ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ പ്രസക്തമാണ്. നവകേരള മിഷന്റെ ഭാഗമായി രൂപപ്പെടുത്തിയിട്ടുള്ള ഹരിതകേരള മിഷൻ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പുകളുമായി സംയോജിച്ച് ത്രിതല പഞ്ചായത്ത് തലത്തിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

കോവിഡ് - 19 മഹാമാരി കാർഷിക മേഖലയിലും ഭക്ഷ്യോൽപ്പാദനത്തിനും വലിയ തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഉല്പ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെൽകൃഷി കൂലിചെലവിന് സബ്സിഡിയായി 18 ലക്ഷം രൂപ വകയിരുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പാടശേഖര സമിതികൾക്ക് സബ് മെർജഡ് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 5,00,000/- രൂപയും ഈ ബജറ്റിൽ വകയിരുത്തുന്നു. ബ്ലോക്ക് പരിധിയിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സംഘം മുഖേന പാലിന് സബ്സിഡി നല്കുന്ന പദ്ധതി ഈ വർഷവും ബ്ലോക്ക് പഞ്ചായത്ത് തുടരുന്നതാണ്. ഇതിലേക്കായി ഉത്പ്പാദന മേഖലയിൽ 8,00,000/- രൂപ വികസന ഫണ്ടിൽ വകയിരുത്തുന്നു. കൂടാതെ വനിതാ സ്വയം തൊഴിൽ സംരംഭകർക്ക് ബാക്ക് ആന്റ് സബ്സിഡിയായി പൊതുവിഭാഗത്തിൽ 6,00,000/- രൂപയും എസ്.സി വിഭാഗ ത്തിൽ 17,50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

# സേവന മേഖല

ജനകീയാസൂത്രണം നടപ്പിലാക്കിയത് മുതൽ ജനങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ഏറ്റവും വലിയ ആവശ്യം സുരക്ഷിതമായ ഭവനം എന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതിയായ പി.എം.എ.വൈ സ്കീമിൽ കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആവശ്യം പൂർണ്ണമായും നിറവേറ്റാൻ സാധിച്ചിട്ടില്ല. ഈ പോരായ്മകൾ പരിഹരിക്കുന്നതിനായിട്ടാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ പദ്ധതിക്ക് ജനറൽ/ എസ്.സി വിഭാഗക്കാർക്ക് 35,07,000/- രൂപ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. പി.എം.എ.വൈ പദ്ധതിയിൽ ജനറൽ / എസ്.സി വിഭാഗത്തിന് 52,00,000/- രൂപയും വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരുടെ മുഖ്യ കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. എന്നാൽ മിക്ക കിണറുകളിലെയും വെള്ളം ജനുവരി മാസം മുതൽ വറ്റിപോകുകയാണ് ചെയ്യുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ പ്രദേശത്തെ/ കോളനിയിലെ പൊതു സ്രോതസ്സ് കണ്ടെത്തി അല്ലെങ്കിൽ കുഴൽ കിണർ നിർമ്മിച്ച് ടാങ്ക്, മോട്ടോർ, പൈപ്പ് ലൈൻ സ്ഥാപിച്ച് വീടുകളിൽ കുടിവെള്ളം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാല് പഞ്ചായത്തുകളിൽ 8 കുടിവെള്ള പദ്ധതികൾക്കായി 62,19,230/- രൂപ വകയിരുത്തുന്നു.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി സ്കോളർഷിപ്പിന് 4,00,000/- രൂപയും അഗതി രഹിത കേരളം പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി 5,00,000/- രൂപയും വകയിരുത്തുന്നു. വയോജന ക്ഷേമ പദ്ധതിയിൽ വൃദ്ധർക്ക് കട്ടിൽ നൽകുന്ന പദ്ധതിയിലേക്കായി ബ്ലോക്ക് വിഹിതമായി 2,43,600/- രൂപയും അംഗനവാടികൾക്ക് അനുപൂരകപോഷകാഹാരം എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 5,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

രോഗപ്രതിരോധ പ്രവർത്തനങ്ങളിലും രോഗാതുരത മോണിറ്റർ ചെയ്യുന്നതിലും കേരളം മുൻപന്തിയിലാണ്. ബ്ലോക്ക് പരിധിയിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്. ഇതിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ രണ്ടാംഘട്ട നടത്തിപ്പിനായി 8,70,000/- രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. സി.എച്ച്.സി കളിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 4,00,000/- രൂപയും സി.എച്ച്.സി കളിൽ നിയോഗിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിലേക്കായി 5,00,000/- രൂപയും വകയിരുത്തുന്നു. കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി

വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിക്കായി 3,00,000/- രൂപയും കേരളോത്സവം പദ്ധതിക്കായി ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 1,20,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

## മെയിന്റനൻസ് ഫണ്ട്

ബ്ലോക്ക് പഞ്ചായത്തിന്റേയും ഘടക സ്ഥാപനങ്ങളുടേയും അറ്റകുറ്റപണി നടത്തുന്നതിന് 29,03,000/- രൂപയുടെ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുന്നു. കാട്ടൂർ സി.എച്ച്.സി യിലെ ചുറ്റുമതിൽ അറ്റകുറ്റപണികൾക്ക് 6,53,000/- രൂപയും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും ഓഫീസ് പ്രവർത്തനങ്ങൾ തടസ്സംകൂടാതെ നടത്തുന്നതിനായി ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി 8,50,000/- രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. ആനന്ദപുരം ഇ.എം.എസ് ഹാൾ നവീകരണത്തിന് 2,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് ഓഫീസിന്റേയും കോമ്പൗണ്ടിലുള്ള ഘടകസ്ഥാപനങ്ങളുടേയും റീ വയറിംഗ് ചെയ്യുന്നതിന് 8,00,000/- രൂപയും വകയിരുത്തുന്നു.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നടപ്പുവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാല് ഗ്രാമപഞ്ചായത്തുകളിലായി 2233 പ്രവൃത്തികൾ ഏറ്റെടുക്കാൻ വാർഷിക കർമ്മ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി റോഡ് നിർമ്മാണം, കാന നിർമ്മാണം എന്നിവ ഓരോ പഞ്ചായത്തിലും നടപ്പിലാക്കും.

മണ്ണ് ജലസംരക്ഷണത്തിന്റെ ഭാഗമായി തോടുകൾ, കുളങ്ങൾ എന്നിവയ്ക്ക് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണം, സൈഡുകൾ ബലപ്പെടുത്തൽ, പൊതു കുളങ്ങളുടെ നവീകരണം, കിണർ നിർമ്മാണം, ഫാം പോണ്ട് നിർമ്മാണം, കിണർ റീചാർജിംഗ് എന്നീ പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് ഐ.എച്ച്.എച്ച്.എൽ, എന്നിവ നടപ്പാക്കും. ഹരിതകേരളത്തിന്റെ ഭാഗമായി ബി.പി.എൽ കുടുംബങ്ങൾക്ക് വൃക്ഷതൈ നട്ടുപിടിപ്പിക്കലും സംരക്ഷണവും, റോഡ് സൈഡ് ട്രീ പ്ലാന്റേഷൻ, എന്നിവയും ലക്ഷ്യമിടുന്നു. നടപ്പുവർഷത്തിൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവർ 880 വരുമെന്ന് പ്രതീക്ഷിക്കുന്നു. 2021-22 വർഷത്തിൽ 7,05,00,000, കോടി രൂപ വക കൊള്ളിക്കുന്നു.

<u>ഉപസംഹാരം</u>

*ബ്ലോക്ക് പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പരിമിതങ്ങളായ വിഭവങ്ങൾ ഉപയോഗിച്ച് മാർഗ്ഗരേഖക്കനുസൃതമായി നവകേരള മിഷൻ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തുടർ സാമ്പത്തിക വർഷത്തിലും നൂറുശതമാനം പദ്ധതി വിഹിതം ചെലവഴിക്കാനുള്ള കൂട്ടായ പ്രവർത്തനമാണ് നാം ഏറ്റെടുക്കേണ്ടത്.*

*നാം മുടക്കുന്ന ഓരോ തുകയും*

*ഏറ്റവും അവസാനത്തെ അർഹരിൽ*

*എത്തുന്നെങ്കിൽ മാത്രമേ*

*ഗ്രാമസ്വരാജ് പൂർത്തീയാകൂ*

*എന്ന ഗാന്ധിയൻ വചനം ഓർമ്മിപ്പിച്ചുകൊണ്ട്*

***11,03,13,537/- രൂപ പ്രതീക്ഷീത വരവും 10,75,73,300/- രൂപ പ്രതീക്ഷിത ചെലവും 27,40,237/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചയാത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.***

ഇരിങ്ങാലക്കുട
16,02,2021

(ഒപ്പ്)
*ശ്രീ. മോഹനൻ വലിയാട്ടിൽ*
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

## പ്രധാനപ്പെട്ട വരവിനങ്ങൾ താഴെ പറയും പ്രകാരം

| | | | |
|---|---|---|---|
| 1 | പ്രാരംഭ നീക്കിയിരിപ്പ് | - | **1843307** |
| 2 | നികുതി വരുമാനം | - | 0 |
| 3 | നികുതി ഇതര വരുമാനം | - | 916630 |
| 4 | ജനറൽ പർപ്പസ് ഗ്രാന്റ് | - | 5636000 |
| | **ആകെ** | | **6552630** |
| 5 | സർക്കാർ ഗ്രാന്റുകൾ പദ്ധതിചെലവുകൾ | - | |
| | വികസന ഫ് ജനറൽ | - | 12697600 |
| | വികസന ഫ് (എസ്.സി.പി) | - | 12073000 |
| | വികസന ഫ് (ടി.എസ്.പി) | - | 0 |
| | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | - | 2903000 |
| 6 | കേന്ദ്രാവിഷ്കൃത ഫ് | - | 1560000 |
| 7 | ഗ്രാമപഞ്ചായത്ത് വിഹിതം | - | 910000 |
| 8 | ജില്ലാ പഞ്ചായത്ത് വിഹിതം | - | 1274000 |
| 9 | എം.ജി.എൻ.ആർ.ഇ.ജി.എസ് | - | 70500000 |
| 10 | **ആകെ വരവുകൾ** | - | **101917600** |
| 11 | **ആകെ വരവുകളും പ്രാരംഭ ബാക്കിയും** | - | **110313537** |

## പ്രധാനപ്പെട്ട ചെലവിനങ്ങൾ താഴെപറയും പ്രകാരം

### ഭരണ ചെലവുകൾ

| | | | |
|---|---|---|---|
| 1 | ഓഫീസ് ചെലവുകൾ | - | 550000 |
| 2 | വാർത്താ വിനിമയ ചിലവുകൾ | - | 93500 |
| 3 | പുസ്തകങ്ങളും ആനുകാലികങ്ങളും | - | 3500 |
| 4 | അച്ചടിയും സ്റ്റേഷനറിയും | - | 159500 |
| 5 | ഇൻഷുറൻസ് | - | 55000 |

| | | | |
|---|---|---|---|
| 6 | മറ്റ് സേവന ചെലവുകൾ | - | 5000 |
| 7 | പരസ്യവും പ്രചരണവും | - | 114000 |
| 8 | മെമ്പർഷിപ്പ് / വരിസംഖ്യ | - | 2500 |
| 9 | അസാധാരണ ചെലവുകൾ | - | 25000 |
| 10 | മറ്റ് ഭരണ ചെലവുകൾ | - | 757000 |
| | **ആകെ ഭരണ ചെലവുകൾ** | - | **1765000** |

<u>ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ</u>

| | | | |
|---|---|---|---|
| 1 | കൂലി | - | 780000 |
| 2 | യാത്രാബത്ത | - | 21000 |
| 3 | മറ്റു ബത്തകൾ | - | 8480 |
| 4 | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | - | 1521600 |
| 5 | ജനപ്രതിനിധികൾക്കുള്ള യാത്രാ ബത്ത | - | 61600 |
| 6 | ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | - | 94020 |
| | ആകെ ചെലവ് | - | **2486700** |

<u>സംരക്ഷണവും നടത്തിപ്പും</u>

| | | | |
|---|---|---|---|
| 1 | ഡീസൽ, പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ് | - | 300000 |
| 2 | വൈദ്യുതി | - | 45000 |
| 3 | വാഹന വാടക | - | 21000 |
| 4 | പൊതു കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും | - | 240000 |
| 5 | സംരക്ഷണവും അറ്റകുറ്റപണികളും ജംഗമ ആസ്തികൾ | - | 143000 |
| 6 | സംരക്ഷണവും അറ്റകുറ്റപണികളും മറ്റ് സ്ഥിരം ആസ്തികൾ | - | 50000 |
| 7 | മറ്റ് മെയിന്റനനൻസ് ചെലവുകൾ | - | 44000 |
| 8 | ബാങ്ക് ചാർജജസ് | - | 1000 |
| | **ആകെ നടത്തിപ്പ് സംരക്ഷണ ചെലവുകൾ** | - | **844000** |

| | | |
|---|---|---|
| <u>അനിവാര്യ ചെലവുകൾ ആകെ</u> | - | ***5095700*** |

<u>ഉല്പാദ മേഖല</u>

| | | |
|---|---|---|
| കൃഷിയും അനുബന്ധ മേഖലകളും – നെൽകൃഷി | - | 1800000 |
| വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ | - | 1750000 |
| കൃഷിയും അനുബന്ധ സൗകര്യങ്ങൾ | - | 500000 |
| ക്ഷീര വികസനം | - | 800000 |
| മണ്ണ് ജല സംരക്ഷണം – എം.ജി.എൻ.ആർ.ഇ.ജി.എസ് | - | 70500000 |
| **ഉല്പാദ മേഖല ആകെ** | - | **75350000** |

<u>സേവന മേഖല</u>

| | | |
|---|---|---|
| യുവജനക്ഷേമം | - | 120000 |
| സാക്ഷരതാ തുല്യത പരീക്ഷ | - | 50000 |
| വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | - | 4240000 |
| പട്ടികജാതി വിദ്യാർത്ഥികളുടെ ഉപരിപഠനം | - | 300000 |
| കല സംസ്കാരം സ്പോർട്ട് യുവജനക്ഷേമം | - | 800000 |
| ഹെൽത്ത് സെന്ററുകൾ – ആശുപത്രികൾ | - | 500000 |
| മരുന്നുകൾ | - | 400000 |
| മറ്റ് ആരോഗ്യപരിപാടികൾ | - | 870000 |
| കുടിവെള്ളം | - | 6219230 |
| ഭവനനിർമ്മാണം | - | 8707000 |
| വൃദ്ധക്ഷേമ പരിപാടികൾ | - | 243600 |
| ശാരീരിക –മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് | - | 400000 |
| വനിതാക്ഷേമ പരിപാടി | - | 600000 |

| | | |
|---|---|---|
| സദ്ഭരണം | - | 50000 |
| പദ്ധതി രൂപീകരണം | - | 100000 |
| **സേവന മേഖല ആകെ** | - | **23599830** |

**മേഖലാ വിഭജനത്തിൽ പെടാത്ത പ്രൊജക്ടുകൾ**

| | | |
|---|---|---|
| ഐ.കെ.എം ന് വിഹിതം | - | 24770 |
| ആശ്രയ പദ്ധതി | - | 500000 |
| അങ്കണവാടി പോഷകാഹാരം | - | 500000 |
| **ആകെ** | - | **1024770** |

**മെയിന്റനൻസ് റോഡിതരം**

| | | |
|---|---|---|
| ആരോഗ്യ മേഖല | - | 653000 |
| മറ്റ് സ്ഥാപനങ്ങൾ | - | 200000 |
| **ആകെ** | - | **853000** |

**മൂലധന ചെലവുകൾ**

| | | |
|---|---|---|
| പൊതുകെട്ടിടങ്ങൾ | - | 800000 |
| ജംഗമ സ്വത്തുക്കൾ | - | 850000 |
| **ആകെ മൂലധന ചെലവുകൾ** | - | **1650000** |

| | |
|---|---|
| *മുൻബാക്കി* | 1843307 |
| *പ്രതീക്ഷിത വരവ്* | 108470230 |
| *ഒട്ടാകെ* | 110313537 |
| *ആകെ പ്രതീക്ഷിത ചെലവ്* | 107573300 |
| *നീക്കിയിരിപ്പ്* | 2740237 |

# ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് - വാർഷിക പദ്ധതി 2021-22

## പ്രൊജക്ടുകളും അതിന്റെ വിശദാംശങ്ങളും(കരട് പദ്ധതി)

| ക്രമ നം | പ്രോ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടിന്റെ പേര് | NEW | വനിത/കുട്ടികൾ/വൃദ്ധർ | വികസനഫണ്ട് | | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | മറ്റ് തദ്ദേശ സ്ഥാപനം | | മെയിന്റനൻസ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | പൊതു വിഭാഗം | പട്ടിക ജാതി വിഭാഗം | | | ഗ്രാമ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | | |
| 1 | | DEO | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി-ബ്ലോക്ക് വിഹിതം | NEW | | 800000 | | | | | | | 800000 |
| 2 | | ADA | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | NEW | | 1800000 | | | | | | | 1800000 |
| 3 | | ADA | പാടശേഖരസമിതികൾക്ക് സബ് മെർജിഡ് പമ്പ് സെറ്റ് | NEW | | 500000 | | | | | | | 500000 |
| 4 | | CDPO | അംഗനവാടികൾക്ക് അനുപൂരകപോഷകാഹാര വിതരണ പരിപാടി (ബ്ലോക്ക് വിഹിതം) | NEW | | 500000 | | | | | | | 500000 |
| 5 | | CDPO | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ബ്ലോക്ക് വിഹിതം) | NEW | | 400000 | | | | | | | 400000 |
| 6 | | MO | പെയിൻ & പാലിയേറ്റിവ് കെയർ - രാംഘട്ടം | NEW | | 870000 | | | | | | | 870000 |
| 7 | | CDPO | വയോജനങ്ങൾക്ക് കട്ടിൽ (ബ്ലോക്ക് വിഹിതം) | NEW | | 243600 | | | | | | | 243600 |
| 8 | | SEC | ലൈഫ് പദ്ധതി ജനറൽ - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | NEW | | 1196000 | | | | | | | 1196000 |
| 9 | | SEC | പി.എം.എ.വൈ (ജി) 2021-22 ജനറൽ | NEW | | 1344000 | | | | | | | 1344000 |
| 10 | | SEC | അഗതിരഹിതകേരളം - ആശ്രയപദ്ധതി ജനറൽ - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | NEW | | 400000 | | | | | | | 400000 |
| 11 | | SEC | ഐ.കെ.എം പ്രവർത്തനഫ് | NEW | | 24770 | | | | | | | 24770 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 12 | | SEC | പദ്ധതി ആസൂത്രണവും മോണിററിങ്ങും | NEW | | 100000 | | | | | | | 100000 |
| 13 | | MO | സി.എച്ച്.സി കളിലേക്ക് ഡോക്ടർമാർ, പാരമെഡിക്കൽ സ്റ്റാഫ് എന്നിവർക്കുള്ള വേതനം | NEW | | 500000 | | | | | | | 500000 |
| 14 | | IEO | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് സബ്സിഡി നൽകൽ | NEW | | 600000 | | | | | | | 600000 |
| 15 | | SEC | കേരളോത്സവം-2020 | NEW | | | | 120000 | | | | | 120000 |
| 16 | | SEC | വജ്രജൂബിലി ഫെല്ലോഷിപ്പ് - കലാകാരൻ മാർക്ക് വേതനം | NEW | | | | 300000 | | | | | 300000 |
| 17 | | SEC | തുടർസാക്ഷരതാ പഠിതാക്കൾക്കുള്ള ഫീസ് അടയ്ക്കൽ | NEW | | | | 50000 | | | | | 50000 |
| 18 | | SEC | തുടർസാക്ഷരതാ പഠിതാക്കളുടെ സംഗമം | NEW | | | | 40000 | | | | | 40000 |
| 19 | | SEC | പൗരാവകാശരേഖ തയ്യാറാക്കൽ | NEW | | | | 50000 | | | | | 50000 |
| 20 | | AE | കാറളം ഗ്രാമപഞ്ചായത്ത് പവർഹൗസ് കോളനി കുടിവെള്ള പദ്ധതി- വാർഡ് 12 | NEW | | 850000 | | | | | | | 850000 |
| 21 | | AE | മുരിയാട് പഞ്ചായത്ത് സ്നേഹനഗർ-മേടശ്ശേരി -ആരംഭനഗർ കുടിവെള്ള പദ്ധതി | NEW | | 850000 | | | | | | | 850000 |
| 22 | | AE | പറപ്പൂക്കര പഞ്ചായത്ത് വൈലൂർ പ്രദേശത്ത് 10,12 വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതി | NEW | | 850000 | | | | | | | 850000 |
| 23 | | AE | കാട്ടൂർ പഞ്ചായത്ത് ആശാരിക്കുന്ന് കുടിവെള്ള പദ്ധതി വാർഡ് 6 | NEW | | 869230 | | | | | | | 869230 |
| 24 | | IEO | എസ്.സി വനിതാ ഗ്രൂപ്പുകൾക്ക് പരമ്പരാഗത കൈത്തൊഴിലുകൾക്ക് പ്രോത്സാഹനം | NEW | | | 1750000 | | | | | | 1750000 |
| 25 | | SEC | ലൈഫ് പദ്ധതി എസ് .സി - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | NEW | | | 2311000 | | | | | | 2311000 |
| 26 | | SEC | പി.എം.എ.വൈ (ജി) 2021-22 എസ്.സി | NEW | | | 112000 | | | | | | 112000 |
| 27 | | SEC | അതിദരിദ്രകേരളം - ആശ്രയപദ്ധതി(എസ്.സി) ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | NEW | | | 100000 | | | | | | 100000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 28 | | SCDO | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം | NEW | | | 4200000 | | | | | | 4200000 |
| 29 | | SCDO | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് | NEW | | | 300000 | | | | | | 300000 |
| 30 | | SCDO | പട്ടികജാതി സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ | NEW | | | 500000 | | | | | | 500000 |
| 31 | | AE | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് മുത്രത്തിക്കര പോങ്കോത്ര സെററിൽമെന്റ് കോളനി കുടിവെള്ള പദ്ധതി | NEW | | | 700000 | | | | | | 700000 |
| 32 | | AE | കാറളം ഗ്രാമപഞ്ചായത്ത് കോഴിക്കുന്ന് കോളനി കുടിവെള്ള പദ്ധതി | NEW | | | 700000 | | | | | | 700000 |
| 33 | | AE | മുരിയാട് ഗ്രാമപഞ്ചായത്ത് സ്നേഹനഗർ കാരേകുളം കുടിവെള്ള പദ്ധതി വാർഡ് 14 | NEW | | | 700000 | | | | | | 700000 |
| 34 | | AE | കാട്ടൂർ ഗ്രാമപഞ്ചായത്ത് രാജീവ് ഗാന്ധി കോളനി കുടിവെള്ള പദ്ധതി വാർഡ് 7 | NEW | | | 700000 | | | | | | 700000 |
| 35 | | SEC | ബ്ലോക്കോഫീസിലേക്ക് ജനറേറ്റർ സജ്ജീകരിക്കൽ | NEW | | | | | | | | 850000 | 850000 |
| 36 | | MO | സി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങൽ | NEW | | | | | | | | 400000 | 400000 |
| 37 | | AE | ആനന്ദപുരം ഇ.എം.സ് ഹാൾ നവീകരണം | NEW | | | | | | | | 200000 | 200000 |
| 38 | | AE | ബ്ലോക്ക് ഓഫീസ് പഴയ കെട്ടിടത്തിൽ റീ വയറിംഗ് | NEW | | | | | | | | 800000 | 800000 |
| 39 | | AE | കാട്ടൂർ സി.എച്ച്.സി.യിൽ ചുററുമതിൽ, അററകുററപണികൾ | NEW | | | | | | | | 653000 | 653000 |
| | | | ആകെ | | | 12697600 | 12073000 | 560000 | 0 | 0 | 0 | 2903000 | 28233600 |